I/5959402/2023

"ഭരണഭാഷ- മാതൃഭാഷ"

Azadi Ka Amrit Mahotsav

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടി തീർപ്പ്
(നിലവിൽ :സുഭാഷ് ടി വി ഐ.എ.എസ്)

നടപടിതീർപ്പ്നമ്പർ.സി2/69/2023/ഐ&പി.ആർ തിരുവനന്തപുരം, തീയതി, (22-11-2023)

വിഷയം:- തിരുവനന്തപുരം - ഗുരുവായൂർ ഇന്റർസിറ്റി എക്സ്പ്രസുകളിൽ ഇന്റീരിയർ ബ്രാന്റിംഗിന് റെയിൽവേയുമായി കരാറിലേർപ്പെട്ടിട്ടുള്ള ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് എന്ന സ്ഥാപനം മുഖേന ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ക്യാംപെയ്ൻ വേളയിൽ ട്രെയിനിനകത്ത് ഡിസ്പ്ലേ പരസ്യം ചെയ്യുന്നതിന് അനുവദിക്കേണ്ട പ്രതിഫലനിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: - ബ്ലാക്ക് &വൈറ്റ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 03.04.2023, 01.09.2023 തിയതികളിൽ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ.

ഉത്തരവ്

തിരുവനന്തപുരം - ഗുരുവായൂർ ഇന്റർസിറ്റി എക്സ്പ്രസുകളിൽ (ട്രെയിൻ നമ്പർ-16341 / 16342) ഇന്റീരിയർ ബ്രാന്റിംഗിന് റെയിൽവേയുമായി കരാറിലേർപ്പെട്ടിട്ടുള്ള ഏജൻസി എന്ന നിലയ്ക്ക് വകുപ്പിന്റെ ക്യാംപെയിൻ വേളകളിൽ ട്രെയിനിനകത്ത് ഡിസ്പ്ലേ പരസ്യം ചെയ്യുന്നതിനായി പരിഗണിക്കുന്നതിന് സൂചന പ്രകാരം ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് ആവശ്യമായ രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ക്യാപെയിൻ കാലയളവിൽ തിരുവനന്തപുരം - ഗുരുവായൂർ ഇന്റർസിറ്റി എക്സ്പ്രസുകളുടെ ( ട്രെയിൻ നമ്പർ-16341 / 16342) ഉൾഭാഗത്ത് ഡിസ്പ്ലേ പരസ്യം ചെയ്യുന്നതിനായി ബ്ലാക്ക് & വൈറ്റ് ക്രിയേഷൻസ് എന്ന സ്ഥാപനത്തിന് ചുവടെ ചേർത്തു പ്രകാരമുള്ള നിരക്കുകൾ താഴെ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഈ ഉത്തരവ് തിയതി മുതൽ ഒരു വർഷക്കാലയളവ് പ്രാബല്യം വരുത്തക്കവിധത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>അംഗീകരിക്കുന്ന നിരക്കുകൾ</u>

ഒരു മാസക്കാലയളവിലെ നിരക്ക് (ഒരു ബോർഡിന്) = 3600/- രൂപ + ജി എസ് ടി

രണ്ടാഴ്ചത്തേയ്ക്ക് (ഒരു ബോർഡിന്) = 1890/- രൂപ + ജി എസ് ടി.

മൂന്ന് മാസക്കാലയളവിലെ നിരക്ക് (ഒരു ബോർഡിന്) = ഒരു മാസക്കാലയളവിലെ നിരക്കിൽ നിന്നും 7.5 % ഡിസ്കൗണ്ട്

6 മാസക്കാലയളവിലെ നിരക്ക് (ഒരു ബോർഡിന്) = ഒരു മാസക്കാലയളവിലെ നിരക്കിൽ നിന്നും 10 % ഡിസ്കൗണ്ട്

ഒരു വർഷക്കാലയവിലെ നിരക്ക് (ഒരു ബോർഡിന്) = ഒരു മാസക്കാലയളവിലെ നിരക്കിൽ നിന്നും 12.5 % ഡിസ്കൗണ്ട്

പ്രിന്റിംഗ് ചാർജ്ജ് = 300/- രൂപ per ബോർഡ് + ജി എസ് ടി.

<u>നിബന്ധനകൾ</u>

1. 50 ബോർഡുകളോ അതിൽ കൂടുതലോ എണ്ണം ബോർഡുകളിലോ പരസ്യം ചെയ്യുന്നതിന് ഉത്തരവ്

നൽകുന്ന പക്ഷം 10 % എണ്ണം ബോർഡുകളിൽ അധികമായി സൗജന്യപരസ്യം ചെയ്യേണ്ടതാണ്.

2. പരസ്യം നൽകിയ ശേഷം പരസ്യം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലയളവ് കഴിഞ്ഞാലും അടുത്ത പരസ്യം വരുന്നത് വരെ ഈ പരസ്യം പ്രദർശിപ്പിക്കേണ്ടതാണ്.
3. നിരക്കുകൾക്ക് ഉത്തരവ് തിയതി മുതൽ അടുത്ത ഒരു വർഷക്കാലയളവ് പ്രാബല്യമുണ്ടായിരിക്കും. എന്നിരുന്നാലും ഇക്കാലയളവിൽ എന്തെങ്കിലും കാരണവശാൽ ഇക്കാര്യത്തിൽ റെയിൽവേയുമായുള്ള കരാർ റദ്ദാക്കപ്പെട്ടാൽ പ്രസ്തുത തിയതി മുതൽ ഈ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഉത്തരവ് തിയതി മുതൽ ഒരു വർഷക്കാലയളവിൽ ക്യാപെയിൻ അവസരങ്ങളിൽ വകുപ്പ് ആവശ്യപ്പെടുന്ന ക്യാപെയിൻ വേളകളിൽ വകുപ്പ് നിർദേശിക്കുന്ന സ്റ്റേഷനുകളിൽ പരസ്യം നൽകേണ്ടതാണ്. പരസ്യം നൽകുന്ന കാലയളവിലേക്ക് മാത്രമായിരിക്കും പ്രതിഫലം അനുവദിക്കുന്നത്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം,

Signed by
Sonia James
Date: 23-11-2023 16:46:59

സെക്ഷൻ ഓഫീസർ.

ബ്ലാക്ക്& വൈറ്റ് ക്രിയേഷൻസ് പ്രൈവറ്റ് , ലിമിറ്റഡ്, Second floor, CC(32)/2368 B3, P.J Antony Road, പാലാരിവട്ടം. കൊച്ചി -682025.
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ).
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(ബി) വകുപ്പ്.
ഡെപ്യൂട്ടി ഡയറക്ടർ / ഇൻഫർമേഷൻ ഓഫീസർ (ഫീൽഡ് പബ്ലിസിറ്റി).
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.